"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - എൻ. എച്ച്. ബൈപ്പാസ് റോഡ് - സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 594/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1875/2025/LSGD തീയതി, തിരുവനന്തപുരം, 29-07-2025**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/04/2023-ലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/04/2025 തീയതിയിലെ കെ10-288774/20 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1412/2025/തസ്വഭവ, തീയതി, 06/06/2025.
4. സ.ഉ.(സാധാ) നം. 5751/2025/ധന, തീയതി, 07/07/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി പ്രസന്ന സുജാതൻ മുതൽപ്പേർ ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 594/2009 നമ്പർ കേസിലെ ബാലൻസ് തുകയായ 21,18,918/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 594/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 21,18,918/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 21,19,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി.ഹോസ്പിറ്റൽ-എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി

തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ ബ്ലോക്ക് നം. 35 സർവ്വേ നം. 442 (L.A.Re.Sy.No.126)-ൽ ഉൾപ്പെട്ട 0.41 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.594/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 21,18,918/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീമതി പ്രസന്ന സുജാതൻ (W/o സുജാതൻ, ഗംഗസരസ്, റ്റി.സി. 6/1588), ശ്രീ. മണി സുജാതൻ (S/o സുജാതൻ, ഗംഗസരസ്, റ്റി.സി. 6/1588), ശ്രീ. വെങ്കിടേഷ് (S/o സുജാതൻ, ഗംഗസരസ്, റ്റി.സി. 6/1588), ശ്രീ. മനോജ് സുജാതൻ (S/o സുജാതൻ, ഗംഗസരസ്, റ്റി.സി. 6/1588) എന്നിവർക്ക് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/171/025-Fin dated 14/07/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/4/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 30-07-2025 11:41:17
സെക്ഷൻ ഓഫീസർ